(എഫ്) മിനി തുറമുഖങ്ങൾ നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല.

(ബി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതി

*25 [626] ശ്രീ. കെ. നാരായണ കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതിയുണ്ടോ;

(ബി) സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇത്തരം വായ്പകൾക്ക് പലിശയിൽ ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിശദാംശങ്ങൾ അറിയിക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ നൽകുന്നതിന് അനുവദിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 3/2000).

(ബി) ഭവന നിർമ്മാണ വായ്പയുടെ പരിധി 3 ലക്ഷവും കാലാവധി പരമാവധി 5 വർഷവും, ഓഹരി അനുപാതം 1% വും ആണ്. എന്നാൽ നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും പുനർ വായ്പ ലഭിക്കുന്ന പദ്ധതി അനുസരിച്ചുള്ള വായ്പകൾക്ക് ഈ പരിധി ബാധകമല്ല. സംഘങ്ങളുടെ നിക്ഷേപത്തിന്റെ 15%-ൽ അധികരിക്കാതെ ഭവന നിർമ്മാണത്തിനുള്ള വായ്പ അനുവദിക്കാവുന്നതാണ്. 50,000 രൂപ വരെയുള്ള വായ്പ ആൾ ജാമ്യത്തിലും അതിനുമേലുള്ള വായ്പകൾ വസ്തു ജാമ്യത്തിലും നൽകാവുന്നതാണ്. എന്നാൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംഘങ്ങളുടെ വിഭവശേഷി പരിഗണിച്ച് വായ്പ നൽകാൻ നിയമാവലി വ്യവസ്ഥയില്ലാത്ത സംഘങ്ങൾ ഇതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കേണ്ടതും ആവശ്യമായ വായ്പാ ഉപ നിബന്ധന തയ്യാറാക്കി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികേതര വായ്പ യുടെ പലിശ 3% കണ്ട് കുറച്ചിട്ടുണ്ട്. ഇപ്പോൾ 50,000 രൂപ വരെ 12%-ഉം 50,000 മുതൽ 2 ലക്ഷം വരെ 13% -ഉം 2 ലക്ഷത്തിനുമേൽ 14%-വും ആണ് പലിശ നിരക്ക്. എന്നാൽ പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ വഴി നൽകുന്ന വായ്പകൾക്ക് 50,000 രൂപ വരെ 11.5%-ഉം 50,000 മുതൽ 1,25,000 വരെ 12.75%-ഉം 1,25,000 മുതൽ 2 ലക്ഷം വരെ 13%-ഉം 2 ലക്ഷത്തിനുമേൽ 13.75%-ഉം ആണ്.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

*26 [627] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്ഷേമനിധിയിലേക്കുള്ള തൊഴിലാളികളുടേയും ഭൂവുടമകളുടേയും വിഹിതം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇപ്പോഴത്തെ നിരക്ക് എത്രയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) വിഹിതം ഈടാക്കി അടയ്ക്കുന്നതിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ വൈമുഖ്യം കാണിക്കുന്നതായി പരാതി ഉയർന്നു വന്നിട്ടുണ്ടോ;

(ഡി) ഭൂനികുതിയോടൊപ്പം ക്ഷേമനിധി വിഹിതം പിരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കഴിഞ്ഞ 5 വർഷത്തെ ക്ഷേമനിധിയിലേക്കുള്ള ഭൂവുടമാ വിഹിത പിരിവ് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; അതിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) വിലയിരുത്താറുണ്ട്.

(ബി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ അംശാദായം 2 രൂപയിൽ നിന്ന് 5 രൂപയാക്കി ഉയർത്തുന്നത് സംബന്ധിച്ച് 1974-ലെ കർഷകത്തൊഴിലാളി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എല്ലാ കർഷക സംഘടനാ പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല.

(സി) ഭൂവുടമാ വിഹിതം ഈടാക്കി അടക്കുന്നതിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ വൈമുഖ്യം കാണിക്കുന്നതായി ഇപ്പോൾ പരാതികൾ ലഭിക്കാറില്ല.

(ഡി) ഭൂനികുതിയോടൊപ്പം തന്നെയാണ് ക്ഷേമനിധിയിലേക്കുള്ള ഭൂവുടമാ വിഹിതവും പിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly